"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - **31/07/2018** ന് കൃഷി ഓഫീസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി ഡാലിയ ചെറിയാന്റെ **19/10/2023** തീയതി മുതലുള്ള പെൻഷൻ കുടിശ്ശിക മാത്രം അനുവദിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**389/2026/AGRI** തീയതി,തിരുവനന്തപുരം, **08-04-2026**

---

പരാമർശം:-

1. **3/06/2025** ലെ **AGRI-EA3/25/2024-AGRI** നമ്പർ സർക്കാർ കത്ത്.
2. ശ്രീമതി. ഡാലിയ ചെറിയാൻ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത നിവേദനം. **(Annexure A11)**
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നമ്പർ **OA 1906/2023** കേസിന്റെ **30/01/2026** ലെ ഉത്തരവ്.
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **03/02/2026** ലെ **ADFW/12070/2023-SG I(2)** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ആലപ്പുഴ ജില്ലയിലെ തലവടി കൃഷി ഭവനിൽ കൃഷി ഓഫീസർ തസ്തികയിൽ നിന്നും **31/07/2018** ന് വിരമിച്ച ശ്രീമതി ഡാലിയ ചെറിയാൻ തന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകണമെന്ന ആവശ്യവുമായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ **OA 1906/2023** നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

**2.** തുടർന്ന് ശ്രീമതി. ഡാലിയ ചെറിയാൻ, കൃഷി ഓഫീസർ (റിട്ട) ന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ക്ക് **പരാമർശം (1)** പ്രകാരം നിർദ്ദേശം നൽകിയിരുന്നു. **31/07/2018** ന് കൃഷി ഓഫീസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. ഡാലിയ ചെറിയാന്റെ പെൻഷൻ അപേക്ഷ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ യഥാസമയം സമർപ്പിച്ചിരുന്നില്ല എന്നും ഒരു ഉദ്യോഗസ്ഥൻ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് ഒരു വർഷം മുൻപ് ടിയാളുടെ പെൻഷൻ അപേക്ഷ സമർപ്പിച്ചിരിക്കണം എന്ന ചട്ടം നിലനിൽക്കേ **19/10/2023** ൽ മാത്രമാണ് ശ്രീമതി ഡാലിയ ചെറിയാൻ പെൻഷൻ അപേക്ഷ പ്രിസം മുഖേന സമർപ്പിച്ചതെന്നും ടി

അപേക്ഷയിൽ അപാകതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിക്കുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് തിരികെ അയച്ചിരുന്നതായും ആയതിന് ശേഷം **19/01/2024** നാണ് വീണ്ടും അപേക്ഷ സമർപ്പിച്ചതെന്നും **13/02/2024** ലെ അക്കൗണ്ടന്റ് ജനറലിന്റെ പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ച തീയതിയായ **19/01/2024** മുതൽ ടിയാൾക്ക് പെൻഷൻ അനുവദിച്ചിട്ടുള്ളതായും സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാത്തതിനാൽ പെൻഷൻ കമ്മ്യൂട്ടേഷൻ നൽകിയിട്ടില്ലായെന്നും, അപേക്ഷ വൈകി സമർപ്പിക്കാനുണ്ടായ കാരണം ആവശ്യപ്പെട്ട് അലപ്പുഴ പി എ ഒ ടിയാൾക്ക് കത്ത് നൽകുകയും ആയതിന് ടിയാൾ മറുപടി സമർപ്പിക്കുകയും, **01/05/2002** മുതൽ വിദേശത്ത് ജോലി ചെയ്യുന്നതിനായി ശ്യൂന്യവേതനാവധി അനുവദിച്ചിരുന്ന ടിയാൾ അവധി കാലയളവ് **30/4/2017** ന് അവസാനിച്ചെങ്കിലും തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലായെന്നും സർക്കാർ അനുമതിയില്ലാതെ **01/05/2017** മുതൽ **19/06/2018** വരെ അവധിയിൽ തുടർന്ന ടിയാൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, ടിയാളുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവസാനിപ്പിച്ച് ശൂന്യവേതനാവധിയായി ക്രമീകരിച്ചിരുന്നതായും, ടിയാൾക്ക് അക്കൗണ്ടന്റ് ജനറൽ പെൻഷൻ അനുവദിച്ചിരിക്കുന്നത് ടിയാൻ അപേക്ഷ സമർപ്പിച്ച തീയതിയായ **19/01/2024** മുതലായതിനാൽ ടിയാൾക്ക് **01/08/2018** മുതൽ **18/01/2024** വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിച്ച് നൽകണമെന്ന് ടിയാൾ അപേക്ഷിച്ചിരിക്കുന്നതായും ടിയാൾക്ക് പെൻഷനും ഡിസിആർജിയും അനുവദിച്ചിട്ടുള്ളതായും സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാത്തത് കാരണം പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിച്ചിട്ടില്ല എന്നും **പരാമർശം (4)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**3. OA 1906/2023** കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം **(3)** ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഡാലിയ ചെറിയാൻ കൃഷി ഓഫീസർ (റിട്ട ),കൃഷി വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച പരാമർശം **(2)** ലെ **Annexure A11** നിവേദനത്തിൽ തീരുമാനമൊന്നുമായിട്ടില്ലെന്ന് കാണിച്ച് **OA 200/2026** നമ്പർ കേസ് ഫയൽ ചെയ്യ്യുകയുണ്ടായി .ടിയാളുടെ **01/8/2018** മുതൽ **18/01/2024** വരെ പെൻഷൻ കുടിശ്ശിക അനുവദിച്ച് നൽകണമെന്നതാണ് **Annexure A11** നിവേദനത്തിലെ ആവശ്യം

**4.** കെ.എസ്.ആർ. **(KSR)** ഭാഗം **III,** ചട്ടം **110** പ്രകാരം എല്ലാ സർക്കാർ ഉദ്യോഗസ്ഥരും വിരമിക്കുന്നതിന് കുറഞ്ഞത് ഒരു വർഷം മുൻപെങ്കിലും പെൻഷൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ശ്രീമതി. ഡാലിയ ചെറിയാൻ **31/07/2018**-ൽ സർവീസിൽ നിന്നും വിരമിച്ച വ്യക്തിയാണെങ്കിലും, **19/10/2023** ൽ മാത്രമാണ് പെൻഷൻ അപേക്ഷ പ്രിസം മുഖേന സമർപ്പിച്ചതെന്നും ടി അപേക്ഷയിൽ അപാകതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിക്കുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് തിരികെ

അയച്ചിരുന്നതായും ആയതിന് ശേഷം **19/01/2024** നാണ് വീണ്ടും അപേക്ഷ സമർപ്പിച്ചതെന്നും **13/02/2024** ലെ അക്കൗണ്ടന്റ് ജനറലിന്റെ പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ച തീയതിയായ **19/01/2024** മുതൽ ടിയാൾക്ക് പെൻഷൻ അനുവദിച്ചിട്ടുള്ളതായും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കേസിൽ **KSR Part III** ചട്ടം **120** പ്രകാരം അനുവദനീയമായ സമയപരിധിക്കുള്ളിൽ (വിരമിച്ച് മൂന്ന് വർഷക്കാലയളവിനുള്ളിൽ) പെൻഷൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, അപേക്ഷ സമർപ്പിച്ച തീയതി മുതൽ മാത്രമേ ടിയാൾക്ക് പെൻഷന് അർഹതയുള്ളൂ.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ആലപ്പുഴ ജില്ലയിലെ തലവടി കൃഷി ഭവനിൽ കൃഷി ഓഫീസർ തസ്തികയിൽ നിന്നും **31/07/2018** ന് വിരമിച്ച ശ്രീമതി ഡാലിയ ചെറിയാൻ പെൻഷൻ അപേക്ഷ പ്രിസം മുഖേന സമർപ്പിച്ചത് **19/10/2023**ന് ആണെന്നത് കണക്കിലെടുത്ത് ടിയാൾക്ക് **19/10/2023** തീയതി മുതലുള്ള പെൻഷൻ കുടിശ്ശിക മാത്രം അനുവദിച്ചു കൊണ്ടും അപ്രകാരം ശ്രീമതി ഡാലിയ ചെറിയാൻ പരാമർശം **(2)** പ്രകാരം സമർപ്പിച്ച അപേക്ഷ **(Annexure A11 )** തീർപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,തിരുവനന്തപുരം
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള ,തിരുവനന്തപുരം
ശ്രീമതി ഡാലിയ ചെറിയാൻ, കൃഷി ഓഫീസർ (റിട്ട.), സെന്റ് അഗസ്റ്റിൻ, ആരാമം, പായിപ്പാട് പി ഒ., ചങ്ങനാശ്ശേരി
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA3/25/2024-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 09-04-2026 19:20:35
സെക്ഷൻ ഓഫീസർ